# സെന്റ് മേരീസ് എൽ പി സ്കൂൾ
# എടത്വാ



ഒന്നിച്ചുണരാം... ഒന്നിച്ചുയരാം...

## ഉണർവ്വ്

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26



# വിദ്യാലയം പൊതുവിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : സെന്റ് മേരിസ് എൽ പി എസ് |
| സ്കൂൾ കോഡ് | : 46321 |
| യൂഡൈസ് കോഡ് | : 32110900404 |
| സർവ്വേ നമ്പർ | : 534/1,2 |
| വില്ലേജ് | : എടത്വാ |
| വാർഡ് | : V |
| ക്ലസ്റ്റർ | : കോഴിമുക്ക് സൗത്ത് |
| പഞ്ചായത്ത് | : എടത്വാ |
| ബ്ലോക്ക് | : ചമ്പക്കുളം |
| ജില്ല | : ആലപ്പുഴ |
| പ്രഥമ അധ്യാപികയുടെ പേര് | : ത്രേസ്യാമ്മ ജോസഫ് |
| ഫോൺ നമ്പർ | : 8547235193 |
| കുട്ടികളുടെ എണ്ണം | : 183 |
| അധ്യാപകർ | : 8 |
| ആവശ്യമുള്ളത് | : 8 |
| നിലവിലുള്ളത് | : 8 |

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം വ്യത്യസ്തമായ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം ഉള്ള ശാരീരികവും മാനസികവും ഭൗതികവുമായ വ്യത്യസ്ത കഴിവുകൾ ഉള്ളതുമായ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ 1888 സെപ്റ്റംബർ മാസം എടത്വാ സെന്റ് മേരിസ് എൽ പി സ്കൂളിന് തുടക്കം കുറിച്ചു വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ നിരന്തരവും സമഗ്രവുമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം കൊടുക്കുന്നതിനോടൊപ്പം എല്ലാ കുട്ടികളുടെയും പഠന നേട്ടം ഉറപ്പാക്കുകയും ചെയ്യുന്നു. ദേശീയതലത്തിലേതുപോലെ ഒന്നും,രണ്ടും ക്ലാസുകളിൽ ഉദ്ഗ്രഥനം, മൂന്നും,നാലും ക്ലാസുകളിൽ ഗണിതം,ഇംഗ്ലീഷ്,ഭാഷ,പരിസരപഠനം എന്നീ വിഷയങ്ങളിൽ അധിഷ്ഠിതമായി ഇംഗ്ലീഷ്,മലയാള മീഡിയങ്ങളിൽ വിദ്യാഭ്യാസം നൽകിവരുന്നു.ഔപചാരിക വിദ്യാഭ്യാസത്തിനും മുമ്പായി പ്രീപ്രൈമറി വിദ്യാഭ്യാസവും നൽകിവരുന്നു. വിവരവിനിമയ സാങ്കേതിവിദ്യ ഒരു പ്രത്യേക പാഠ്യവിഷയം എന്നതിലുപരി പാഠ്യവിഷയങ്ങളുടെ വിനിമയം ഫലപ്രദമാക്കുന്നതിനുള്ള ഒരു ഉപാധിയായി ഉപയോഗിക്കുന്നു. പ്രത്യേക പരിഗ ണനന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ആരോഗ്യ കായിക വിദ്യാഭ്യാസ, കലാ വിദ്യാഭ്യാസം, പ്രവർത്തിപരിചയം എന്നിവ നിർബന്ധിത വിഷയങ്ങളായി പരിഗണിച്ചുകൊണ്ട് പഠിപ്പിക്കുകയും ചെയ്യുന്നു.

അധ്യാപകർ സഹരക്ഷിതാക്കളായി കുട്ടികൾക്ക് സ്കൂളിനകത്തും പുറത്തും വേണ്ടുന്ന കരുതലും തണലും നൽകുന്നു. അവസര തുല്യതയും സമത്വവും നൽകിവരുന്നു പഠനത്തെ സ്വാഭാവികമായി പഠിതാക്കളുടെ ഭൗതികവും മാനസികവും പ്രവർത്തനപരവുമായ സമഗ്ര വികസനം ലഭ്യമാക്കുന്ന മസ്തിഷ്ക -ഹൃദയ- ഹസ്തസമന്വിതമായ പാഠ്യപദ്ധതിയാണ് ഈ സ്കൂളിൽ നടത്തിവരുന്നത്.

## ലക്ഷ്യങ്ങൾ

- ഭരണഘടനയിൽ പ്രതിഷ്ഠാപിതമായ മൂല്യങ്ങളോടുള്ള അനുയോജ്യത
- കുട്ടികളുടെ സർവ്വമുഖമായി വളർച്ച
- കുട്ടികളുടെ അറിവിലും കഴിവിലും വൈദഗ്ധ്യവും ,ക്രമേണ വർദ്ധിപ്പിക്കലും
- ശാരിരീകവും മാനസികവുമായ കഴിവുകളുടെ സമ്പൂർണ്ണ വികസനം
- കുട്ടിക്ക് സൗഹൃദപരമായതും കുട്ടിയെ കേന്ദ്രീകരിച്ചിട്ടുള്ളുമായ രീതിയിൽ പ്രവർത്തനവും കണ്ടുപിടിത്തവും പരിവേക്ഷണവും മുഖേനയുള്ള പഠനം
- അറിവ് ഗ്രഹിക്കുന്നതിനും അത് പ്രയോഗിക്കുന്നതിനുമുള്ള കുട്ടിയുടെ കഴിവിന്റെ സമഗ്രവും നിരന്തരവുമായ വിലയിരുത്തൽ
- ദേശീയ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നു.
- കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും അഭിപ്രായം ആരായുന്നു.
- കുട്ടികൾക്ക് കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകുന്നു.

## ചരിത്രം

1888 സെപ്റ്റംബർ അഥവാ 1064 കന്നിമാസം ഒന്നാം തീയതി എടത്വ എന്ന പുണ്യഭൂമിയിലേക്ക് വിജ്ഞാനത്തിന്റെ വെളിച്ചമായി സെന്റമേരിസ് വെർണാക്കുലർ സ്കൂൾ എന്ന പേരിൽ ഈ കലാക്ഷേത്രം സ്ഥാപിതമായി.

നെടിയശാല എന്നറിയപ്പെടുന്ന ഓലമേഞ്ഞ കെട്ടിടത്തിൽ ആയിരുന്നു ഏറെക്കാലം ഈ സ്കൂൾ പ്രവർത്തിച്ചിരുന്നത്. 1907-ൽ മലയാളം മീഡിയം സ്കൂൾ ആയി ഈ വിദ്യാലയം ഉയർത്തപ്പെട്ടു. ആദ്യകാലത്ത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുപോലെ പ്രവേശനം നൽകിയിരുന്നെങ്കിലും 1910 പെൺപള്ളിക്കുടം സെന്റ മേരിസ് എലിമെന്ററി ഗേൾസ് സ്കൂളായി അറിയപ്പെടുകയും ചെയ്തു. മലയാളം,ഇംഗ്ലീഷ് വിദ്യാഭ്യാസം ഏകീകരിച്ചതോടെ സെന്റ മേരിസ് വെർണാക്കുലർ സ്കൂളിൽ നിന്ന് അപ്പർ പ്രൈമറി ക്ലാസ്സുകൾ സെന്റ് അലോഷ്യസ് ഹൈസ്കൂളിലേക്ക് മാറ്റി. അങ്ങനെ സെന്റ മേരിസ് വെർണാക്കുലർ സെന്റ മേരിസ്, ലോവർ പ്രൈമറി സ്കൂൾ ആയി മാറി. 2004-2005 അധ്യായന വർഷത്തിൽ ഇംഗ്ലീഷ് പാരലൽ ഡിവിഷൻ ആരംഭിച്ചതോടെ സ്കൂളിൽ വീണ്ടും ആൺകുട്ടികൾക്ക് പ്രവേശനം ലഭിച്ചു.2006-2007 അധ്യയന വർഷത്തിൽ കുട്ടനാട് എംഎൽഎ ശ്രീ തോമസ് ചാണ്ടിയുടെ വികസന ഫണ്ടിൽ നിന്നും അനുവദിച്ച കമ്പ്യൂട്ടർ, മാനേജ്മെന്റെ നൽകിയ കമ്പ്യൂട്ടർ ലാബ്, പിടിഎ സമാഹരിച്ച സ്പീക്കർ, എന്നിവയുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ വിദ്യാഭ്യാസം ലഭ്യമാക്കി. 2012-13 കാലഘട്ടത്തിൽ പ്രീ-പ്രൈമറി വിഭാഗവും ആരംഭിച്ചു.2019-20 വർഷത്തിൽ സ്കൂളിന് കിഡ്സ് പാർക്ക്,ഏറുമാടം,മീൻകുളം എന്നിവ ക്രമികരിച്ചു.2023-2024 വർഷത്തിൽ ആറോ പ്ലാന്റ്,കുട്ടികൾക്ക് ഇംഗ്ലീഷ് പഠിക്കുവാനും ആശയവിനിമയം നടത്തുവാനും വേണ്ടി എ ഐ റോബോട്ടായ അലക്സായെ സ്കൂളിന് വേണ്ടി സമർപ്പിച്ചു,KG കുട്ടികൾക്ക് വർണാഭമായ ക്ലാസ് മുറികളും ഇരിപ്പിടവും തയ്യാറാക്കിയിട്ടുണ്ട്.2024-2025 വർഷത്തിൽ PTA – യുടെ സഹകരണത്തോടെ സ്കൂളിൽ റേഡിയോയും, SMART CLASS ROOM -ന്റെയും പ്രാരംഭനടപടികൾ പൂർത്തികരിക്കുയുണ്ടായി.

## സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

പ്രവേശിക്കപ്പെടുന്ന എല്ലാ കുട്ടികൾക്കും സമഗ്ര വികസനത്തിനുതകുന്ന രീതിയിൽ അടുത്ത വർഷം മുതൽ സ്കൂളിനെ മികവുറ്റതാക്കാൻ അസംബ്ലിക് പന്തൽ, ഡൈനിങ് ഹാൾ ,ഹൈ ടെക് ക്ലാസ് മുറികൾ 10 കുട്ടികൾക്ക് 1 എന്ന ക്രമത്തിൽ കമ്പ്യൂട്ടറുകൾ ആധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് ക്ലാസ് റൂം ലൈബ്രറി ടാലന്റ് ലാബ്, പഠനാന്തരീക്ഷം ,മാലിന്യനിർമ്മാജന പ്ലാന്റുകൾ, ആറോ പ്ലാന്റ്,കുട്ടികളെ കൊണ്ടുവരാനായി വാഹനങ്ങൾ, ആധുനിക സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം, നീന്തൽകുളം, എന്നീ ഘടകങ്ങൾ കാലാനുസൃതമായി ആവശ്യമാണ്, കുട്ടികളിൽ നല്ല ആരോഗ്യം നിലനിർത്താൻ വേണ്ടി ഉച്ചഭക്ഷണത്തോടോപ്പം മികച്ച പ്രഭാത ഭക്ഷണവും പോഷക ആഹാരവും ആവശ്യമാണ്.സാമൂഹ്യ വീക്ഷണത്തിലൂടെ മാതൃഭാഷയിലും, ഇംഗ്ലീഷിലും ,കമ്പ്യൂട്ടർ അടക്കമുള്ള ആധുനിക സാങ്കേതികവിദ്യയിലും ജീവിതനൈപുണികളിലും മികവുള്ള വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കാൻ ഇതിലൂടെ സാധിക്കുന്നു.

ആധുനിക ഭൗതിക സൗകര്യങ്ങളോടുകൂടിയ മാതൃക വിദ്യാലയമായി എടത്വാ സെന്റ മേരിസ് എൽ പി സ്കൂളിന് കൂടുതൽ മികവുള്ളതാക്കി ഉയർത്തുക എന്ന ലക്ഷ്യത്തോടെ ശലഭോദ്യാനം, പച്ചക്കറിത്തോട്ടം, ഏറുമാടം, മീൻകുളം, എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ജൈവവൈവിധ്യം പാർക്ക് മെച്ചപ്പെട്ട രീതികൾ രൂപികരിക്കാൻ ശ്രദ്ധിച്ചുവരുന്നു .

- ഇതിലൂടെ **"പരിസരം ഒരു പാഠപുസ്തകം"** എന്ന ആശയം സാധ്യമാക്കുന്നു
- പൊതുസ്ഥലങ്ങൾ ശുചിത്വ പൂർണമായി സൂക്ഷിക്കുന്നതിനുള്ള മനോഭാവം
  വിദ്യാലയ അനുഭവങ്ങളിലൂടെ രൂപപ്പെടുന്നതിന് അവസരം ലഭിക്കുന്നു.
- പരിസ്ഥിതി സംരക്ഷണം പ്രവർത്തനം ഓരോ കുട്ടികളുടെയും കടമയാണെന്ന് തിരിച്ചറിവ് ഉണ്ടാകുന്നു.

### നിലവിലെ അവസ്ഥാ വിശകലനം

കുട്ടികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥ

ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ എടത്വ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയത്തിലെ കുട്ടികൾ സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്ക അവസ്ഥയിൽ നിന്നും എത്തുന്നവരാണ് എങ്കിലും പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ വളരെ മുൻനിരയിൽ നിൽക്കുന്ന ഈ വിദ്യാലയം ജില്ലയിൽ സവിശേഷ പ്രശംസ അർഹിക്കുന്നു ഒന്നാണ് സ്കൂളിൽ

എത്തുന്നതിനായി വാഹന അപര്യാപ്തത ഒരു ഘടകമാണ്. അധ്യാപക - അനധ്യാപക രക്ഷകർതൃ ബന്ധം സുദൃഢമായി നിലനിൽക്കുന്ന സ്കൂൾ ആണിത് സ്ഥിരാധ്യാപകരായി എട്ടുപേരും, പി റ്റി എ യുടെ ഒരു അധ്യാപികയും, പ്രീ-പ്രൈമറിതലത്തിൽ രണ്ട് അധ്യാപകരും, കമ്പ്യൂട്ടർ പഠനത്തിനായി ഒരു അധ്യാപികയും കുട്ടികളെ സഹായിക്കാനായി ഒരു ആയയും ഉണ്ട് 1 , 2 ക്ലാസുകളിലെ അധ്യാപകർ എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യുമ്പോൾ 3 , 4 ക്ലാസുകളിലെ അധ്യാപകർ വിഷയം തിരിച്ച് ക്ലാസുകൾ എടുക്കുന്നു. അധ്യാപകർക്ക് സ്കൂൾ ആരംഭത്തിൽ തന്നെ ചുമതലകൾ നൽകിയിട്ടുണ്ട് ആഴ്ചയിൽ ഓരോ ദിവസവും 8 .30 മുതൽ വൈകിട്ട് 4 മണി വരെ ഒരു അധ്യാപിക / അധ്യാപകൻ അച്ചടക്കത്തിന്റെ ചുമതല വഹിക്കുന്നു.

| അധ്യാപകർ | ചുമതലകൾ |
|---|---|
| ജിസ് റോസ് കെ കുരിയൻ | എസ് ആർ ജി ,വർക്ക് എക്സ്പീരിയൻസ് എം പി റ്റി എ |
| സിജിമോൾ ഫിലിപ്പ് | നൂൺ ഫീഡിങ്ങ്,ക്വിസ്,സോഷ്യൽ സയൻസ് ക്ലബ് |
| ജിന്റു ജോസ് | സ്കൂൾപ്രവർത്തനറിപ്പോട്ട്,ചാരിറ്റി,ദിനാചരണം,ഡി.സി.എൽ,സ്റ്റുഡൻസ് സേവിംഗ്പദ്ധതി |
| അനിലോ തോമസ് | ഹെൽത്ത് ക്ലബ്ബ് വർക്ക് എക്സ്പീരിയൻസ്,സ്പോർട്ട്സ്,പി റ്റി എ.,സീഡ്ക്ലബ്ബ്,ഐ റ്റി ക്ലബ്ബ് |
| അഞ്ജലി ജോസഫ് | ഇംഗ്ലീഷ് ക്ലബ്ബ്, ഗണിതം |
| ലിനി ലൂയിസ് | ആർട്ട്സ്,ഫെസറ്റിവെൽ,യോഗാ പരിശീലനം ,സ്കൂൾ ബാൻഡ് സെറ്റ് |
| ചിപ്പി ഇമ്മാനുവൽ | കെസി എസ് എൽ, ലൈബ്രറി,സയൻസ് |

സാമൂഹ്യ സാമ്പത്തിക പിന്നോക്ക അവസ്ഥയിൽ നിന്നും എത്തുന്ന കുട്ടികൾക്ക് മാനസിക പിന്തുണ നൽകുന്നതിനും അവരെ വിജ്ഞാന- വിനോദ- കായിക മേഖലയിലേക്ക് കൈപിടിച്ചുയർത്തി അവരുടെ സർവ്വാത്മുഖമായ വികസനത്തിന് ചുക്കാൻ പിടിക്കുന്ന അധ്യാപക അനധ്യാപക കൂട്ടായ്മ സ്കൂളിന്റെ മാത്രം പ്രത്യേകതയാണ് കുട്ടികൾക്ക്


വിഭവസമൃദ്ധമായ ഉച്ചഭക്ഷണം വിഷരഹിതമായത് നൽകുന്നതിനും സ്കൂൾ പരിസരത്ത് തന്നെ ജൈവകൃഷി നടത്തി വിളകൾ ശേഖരിക്കുകയും ചെയ്യുന്നു.


## കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | |
|---|---|---|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം2024-25 | B | G | B | G | B | G | B | G |
| | 15 | 25 | 15 | 23 | 21 | 21 | 21 | 42 |

## വിദ്യാലയത്തിലെ ഐടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ


| വിഭാഗം | നിലവിലുള്ളത് |
|---|---|
| കമ്പ്യൂട്ടർ | 1 |
| ഡെസ്ക്ടോപ്പ് | 1 |
| ലാപ്ടോപ്പ് | 6 |
| എൽസിഡി പ്രോജക്ടർ | 2 |
| ടിവി | 1 |
| ചാനലിന്റെ ലഭ്യത | NIL |
| ഡിവിഡി പ്ലെയർ | 6 |
| ഇന്റർനെറ്റ് കണക്ഷൻ | YES |
| ഈമെയിൽ ഐഡി | edathuastmaryslp@gmail.com |
| വിദ്യാലയത്തിന്സ്വന്തമായവെബ് സൈറ്റ് | |
| സ്മാർട്ട് ക്ലാസ് റൂം | 1 |
| ഇന്ററാക്ടീവ് വൈറ്റ് ബോർഡ് | 8 |


Class 1
കുട്ടികളുടെപഠനനിലവാരം
7
6
5
4
3
2
1
0
%
A Grade
B Grade
C Grade
Malayalam
Engish
Maths
E V S
Mark


Class 2 2024-2025
കുട്ടികളുടെപഠനനിലവാരം
8
7
6
5
4
3
2
1
0
Percentage
A
B
C
Malayalam
English
Maths
E V S
subject


## class 3 2024-2025

കുട്ടികളുടെപഠനനിലവാരം




## class 4 2024-2025

കുട്ടികളുടെപഠനനിലവാരം



# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല - അക്കാദമികം

ഭാഷ - മലയാളം

ലക്ഷ്യങ്ങൾ

- അടിസ്ഥാന ഭാഷാശേഷി വികസനം
- ഉചിതമായ വ്യവഹാര രൂപം മികവുകൾ
- വായനാ പരിപോഷണം
- സാഹിത്യ- കലാ- കായിക പ്രതിഭകളെ അടുത്തറിയൽ
- വായനാ പരിപോഷണം
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹാരം
- വായന - ലേഖന - ശേഷി വളർത്തൽ
- ലേഖന പരിപോഷണം

**പ്രവർത്തന രീതികൾ**

- കുട്ടിക്കൂട്ടം സംഘടിപ്പിക്കൽ - പാട്ടുകളും കഥകളും അവതരിപ്പിക്കുന്നു.
- അമ്മയും കുഞ്ഞുമായുള്ള കഥാവതരണം സംഭാഷണം
- ലഘുപതിപ്പുകൾ തയ്യാറാക്കുകയും മാസത്തിലൊരിക്കൽ പ്രദർശനവും
- ശില്പശാല - കഥാ കവിതാ രചനകൾ നടത്തുന്നു
- കലാ - സാഹിത്യ- കായിക പ്രതിഭകളെ കുറിച്ചുള്ള വിവരശേഖരണം- അവതരണം.
- ചിത്രപ്രദശനവും.
- പൊതുസമൂഹമായി ബന്ധപ്പെട്ട് പുസ്തകങ്ങൾ ശേഖരിക്കുലും ,ലൈബ്രറിയിൽ പ്രദർശനവും.
- സ്വന്തം പ്രദേശത്തെ എഴുത്തുകാരുമായുള്ള സംവാദങ്ങൾ സംഘടിപ്പിക്കൽ
- ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് മാതാപിതാക്കളോടൊപ്പമിരുന്ന് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ, അടിസ്ഥാന ശേഷികൾ നേടുക
- മാതാപിതാക്കളുടെയും പി ടി എയുടെയും സഹകരണത്തോടെ ക്ലാസ് ലൈബ്രറി ഒരുക്കുകയും പുസ്തകപരിചയം, വായനാക്കുറിപ്പ്, അനുഭവക്കുറിപ്പ് ആനുകാലിക വിഷയാവതരണം എന്നിവ നടത്തുക.
- പാഠഭാഗത്തുനിന്നും കുട്ടികൾ നേടിയ അറിവുകൾ വാചിക- ലേഖന -ചിത്ര- കലാരൂപങ്ങളിലൂടെയുള്ള പ്രദർശനം (പൊതുസമൂഹത്തിൽ)

## ഗണിതം

### ലക്ഷ്യങ്ങൾ

- കളി നിർമ്മാണ രീതി ഉൾപ്പെടുത്തി ഗണിത പഠനം എളുപ്പമാക്കൽ
- ഗണിത ചിന്താശേഷി വളർത്തുക.
- കളിരീതിയിലൂടെ ലളിതമായി ഗണിത മികവ് നേടുക
- ചതുഷ്ക്രിയ ലളിതമാക്കുക.
- ഓർഗാമിയിലൂടെ ഗണിതപഠനം
- ഗണിതപഠനം സുതാര്യമാക്കൽ
- ഗണിതരൂപ മൂല്യങ്ങൾ തിരിച്ചറിയുക
- ഗണിതോപകരണ ശില്പശാല സംഘടിപ്പിക്കുക
- ഗണിത മേള നടത്തുക

### പ്രവർത്തനങ്ങൾ

- ജ്യാമിതീയ രൂപം നിർമ്മാണം, ഗണിത പഠനം കളിയിലൂടെ എന്നിവയെ സംബന്ധിച്ച് മാതാപിതാക്കൾക്കും കുട്ടികൾക്കും ഏകദിന ക്യാമ്പ്.
- ഓരോ ദിവസവും ഒരു കുസൃതി കണക്കോ പസിലോ മുഴുവൻ കുട്ടികൾക്കും പരിചയപ്പെടുത്തുക
- ഓർഗാനി ശില്പശാല - ഗണിത പഠനം രസകരമാക്കുക, നിർമ്മാണ പ്രവർത്തനങ്ങൾ, ഓറിഗാമി ടാൻഗ്രാം രൂപ പ്രദർശനം
- ഗണിതകളികൾ - ഏണിയും പാമ്പും ,Dice - ചെസ് etc
- ചതുഷ്ക്രിയ-സങ്കലനം,വ്യവകലനംകളിരീതിയിലൂടെ അവതരിപ്പിക്കുക (ഗണിത ചിന്ത )
- ഗണിത ലാബ് ഒരുക്കുക (ക്ലാസ് തലത്തിൽ തുടർന്ന് ഒരു റൂം അതിനായി ഉപയോഗപ്പെടുത്തുക)
- ഗണിത പോക്കറ്റ് - പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം, പഠന ഉൽപ്പന്ന പ്രദർശനം
- ഗണിത അസംബ്ലി സംഘടിപ്പിക്കുക

## പരിസര പഠനം

### ലക്ഷ്യങ്ങൾ

- പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും അവസരം നൽകുക.
- ശുചിത്വബോധവും, ആരോഗ്യമുള്ള വ്യക്തിയെയും സമൂഹത്തെയും സൃഷ്ടിക്കുക
- നാട്ടറിവുകൾ പരിചയപ്പെടുത്തുക
- ശാസ്ത്രബോധം വളർത്തുക, പ്രകൃതിവിഭവ സംരക്ഷണം
- നിരീക്ഷണ പരീക്ഷണ പാഠവും വളർത്തുക

- അന്വേഷണത്വര വളർത്താം
- സ്വന്തം സംസ്ഥാനത്തെ അറിയുക
- സൂചികകൾ നിർമ്മിക്കൽ
- ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം
- ശാസ്ത്ര മാസിക നിർമ്മാണം
- ഭക്ഷിമേള സംഘടിപ്പിക്കൽ

**പ്രവർത്തനങ്ങൾ**

- ശലഭോദ്യാനം, പച്ചക്കറിത്തോട്ടം, ഔഷധത്തോട്ട നിർമ്മാണ - പരിപാലനം
- കുട്ടികളുടെ വീടുകൾ സന്ദർശിക്കുക, ശുചിത്വ സർവ്വെ
- പോസ്റ്റർ രചന ,അവതരണം
- പ്രകൃതി നടത്തം -(തന്റെ നാട്ടിലെ പൊതു സ്ഥാപനങ്ങൾ)
- നാട്ടിലെ കർഷകരമായി അഭിമുഖം- കൃഷിയിടങ്ങൾ സന്ദർശനം, വിവരണം തയ്യാറാക്കൽ
- ലഘുപരീക്ഷണങ്ങൾ, കുറിപ്പുകൾ
- ജൈവവൈവിധ്യ പാർക്ക്, മഴമാപിനി നിർമ്മാണം, സ്കൂൾ - വീട് പരിസ്ഥിതി സംരക്ഷണ പ്രവർത്തനം
- അജൈവ വസ്തുക്കളെ പുനരുപയോഗം ചെയ്യൽ
- ലഘുപരീക്ഷണങ്ങൾ നടത്തുക
- ശാസ്ത്ര പ്രതിഭകളെ പരിചയപ്പെടുത്തുന്നു
- പഠനഭാഗവുമായി ബന്ധപ്പെട്ട ട്രിപ്പുകൾ, ശാസ്ത്ര പഠനത്തിന് ലാബ് സജ്ജമാക്കൽ
- ക്ലാസ് അടിസ്ഥാനത്തിൽ ലഘു പരീക്ഷണങ്ങൾ മാതാപിതാക്കളും കുട്ടികളും ചേർന്ന് അവതരണം
- നെല്ല് ഗവേഷണ കേന്ദ്രം
- ശാസ്ത്രപ്രദർശനം, സൂചിക നിർമ്മാണം (ഭൂപടം -കേരളം )
- ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്ത- ചിത്ര പ്രദർശനങ്ങൾ
- കലാരൂപ ആൽബം നിർമ്മാണം, പഠനോപകരണങ്ങളുടെ നിർമ്മാണം, ശാസ്ത്ര മാസിക നിർമിക്കൽ പ്രദർശിപ്പിക്കൽ.

## ENGLISH

Aim

- To give opportunity to listen english language,and its usages. Give chance to speak simple english confidently.
- To practice english reading
- To develop write and speak english fluently
- To write diaries in english
- Overall development of the child
- To promote write letters, stories ,poems,rhymes etc in english
- Comprehend english passege
- Promote reading (English)

**Activities**

- exhibit Cartoons
- exhibit Cinemas
- Let's talk ( with experts in english Balasabha)
- One day english Assembly
- News reading competition
- reading camp
- To promote read english stories ( simple)
- Day to day Activity writings ( in english)
- Present their lessons in english ( Skit,Drama,Conversation, Story telling etc)
- Preparation of magazines in english( Quartely)
- Present school special day celebration in english
- Reading corner
- Familirize english story books
- Write- up in english)
- Reading competition ( Creative Activities )

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം എന്നതാണ് ഇതിന്റെ ലക്ഷ്യം. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക വിദ്യാർത്ഥികൾക്കിടയിൽ ഉള്ള ലഹരി ഉപയോഗം തടയാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു

**അക്കാദമിക ലക്ഷ്യം.**

- ✔ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനും സംസാരിക്കാനും ശേഷി വർദ്ധിപ്പിക്കൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ ടെസ്റ്റ് നടത്തി വിശകലനം ചെയ്തു മികവുകളും പരിമിതികളും കണ്ടെത്തുന്നു
- ✔ പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കാൻ ശേഖരിക്കൽ ഇംഗ്ലീഷിലുള്ള അസംബ്ലി ഇംഗ്ലീഷിലുള്ള ഡയറി ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി റീഡിങ് കാർഡ് പതിപ്പ് മാഗസീനുകൾ രചന ശില്പശാലകൾ
- ✔ ലക്ഷ്യം ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടം ഉറപ്പാക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല പ്രവർത്തനങ്ങൾ ഒന്നു മുതൽ നാലുവരെ പഠനത്തിന് സഹായകമായ ശാസ്ത്ര മൂലയിൽ ഉണ്ടാക്കിയിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ ലിസ്റ്റിനെ വാങ്ങേണ്ടവ നിർമിക്കേണ്ടവ ക്ലാസിൽ സൂക്ഷിക്കേണ്ടവ എന്ന് തരംതിരിച്ച് പ്രിന്റ് ചെയ്യുന്നു
- ✔ ഗണിതശാസ്ത്രം ഒന്നു മുതൽ നാലുവരെ ക്ലാസുകളിലെ ഗണിതശാസ്ത്ര പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടം ഉറപ്പാക്കുന്നതിനും പ്രവർത്തനങ്ങൾ ഗണിത മൂല മൂലയ്ക്ക് ആവശ്യമായ സാധനങ്ങൾ ശേഖരിക്കുന്നു ആവശ്യമായ വാങ്ങുന്നു
- ✔ ഗണിതസഞ്ചി ഓരോ കുട്ടിക്കും തങ്ങളുടെ പഠനത്തിന് ആവശ്യമായ സാധനങ്ങൾ ഉൾക്കൊള്ളിച്ച് ഗണിതസഞ്ചി അബാക്കസ് പഠനം ഗണിത പ്രക്രിയകൾ എളുപ്പമാക്കാൻ അബാക്കസ്

**models, shapes, patterns ,puzzles**

- ➤ ഗണിത പഠനത്തിന് ആവശ്യമായ മോഡൽ,ഷേപ്പ്സ്,പാറ്റേൺസ്, പസിൽസ് എന്നിവ നിർമ്മിക്കുന്നു

# പ്രവർത്തനങ്ങൾ

## മേഖല-അക്കാദമികം

## ഉപമേഖല-മലയാളം(മാതൃഭാഷ)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരം ഉറപ്പാക്കൽ ,വായനാക്കാർഡ്, അക്ഷരം ,പദം ,വാക്യം ,അടിക്കുറിപ്പ് ,കഥപറയൽ ,കഥാപൂരണം ,ചിത്രവിവരണം | ടേം ഒന്ന് | എസ്.ആർ.ജി മലയാളത്തിളക്കം കോർഡിനേറ്റർ | |
| വായനാപോഷണം | വായനാക്കൂട്ടം രൂപികരിക്കൽ, വായനാമൂല,ക്ലാസ് ലൈബ്രറി ഒരുക്കൽ ,വായനോൽസവം ,പത്രവായന, അമ്മവായന, പുസ്തകചർച്ച, വായനാക്കുറിപ്പ്, ദിനാചരണങ്ങൾ,അഭിമുഖങ്ങൾ | അദ്ധ്യയന വർഷം | എസ്.ആർ.ജി<br>ക്ലാസ് ടീച്ചർ | |
| ലേഖനപോഷണം | വായനാക്കുറിപ്പ് പതിപ്പ് ,യാത്രാവിവരണക്കുറിപ്പ് | അദ്ധ്യയന വർഷം | എസ്.ആർ.ജി | |

| | | | | |
|---|---|---|---|---|
| | ,ക്ലാസ് ക്കറിപ്പ് മാഗസിൻ ,സ്കൂൾമാഗസിൻ, ചുമർ പത്രം ,കവിതാപതിപ്പ കൾ,സ്കൂൾ പത്രം | | ക്ലാസ് ടീച്ചർ | |

## മേഖല-അക്കാദമികം

## ഉപമേഖല-ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഗണിതത്തിലെ ചതുഷ്ക്രിയകൾ, പ്രശ്ന നിർധാരണം, എന്നിവയിൽ ശേഷിവികസി പ്പിക്കൽ | നിലനിർണ്ണയം പ്രവർത്തന പാക്കേജ് സംഖ്യാ ചിത്രങ്ങൾ തയ്യാറാക്കൽ, സംഖ്യാ ബോധത്തിനാ യി പാറ്റേണുകൾ കണ്ടെത്തൽ, അബാക്കസ് പ്രയോജനപ്പെ ടുത്തൽ ,മാന്ത്രിക ചതുരങ്ങൾ ,ഗണിത കേളികൾ | അദ്ധ്യയന വർഷം | എസ്.ആർ.ജി<br>ഗണിതം ടീച്ചർ | |

**മേഖല-അക്കാദമികം**

**ഉപമേഖല-ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും ,സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | പ്രാഥമിക നില നിർണ്ണയം നടത്തി മികവുകളും പോരായ്മകളും കണ്ടെത്തുക പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ ,ലളിതമായ ഇംഗ്ലീഷ് പുസ്തക ലൈബ്രറി,പിക്ചർ സ്റ്റോറീസ് ,സ്റ്റോറീ ബുക്ക്സ് ,റൈംസ്,വേഡ് ഓഫ് ദി ഡേ,റീഡിങ്ങ് കാർഡ്സ്,ചുമർ പത്രം ,പാടാനും ,അഭിനയിക്കാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രയോജനപ്പെടുത്തൽ | ടേം ഒന്ന്<br>അദ്ധ്യയന വർഷം | എസ്.ആർ.ജി<br>ഇംഗ്ലീഷ് ടീച്ചർ | |

| മേഖല- ഭൗതിക സൗകര്യ വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| സുരക്ഷിതത്വം | മേജർ റിപ്പയറിംഗ് | ഏപ്രിൽ-മെയ് | പി.റ്റി.എ | മാനേജ്മെൻറ്, സ്പോൺസർഷിപ്പ് |
| സുരക്ഷിതത്വം | പ്രീ-പ്രൈമറിക്കായ് ആധുനിക സൗകര്യങ്ങളോട്ടുകൂടിയക്ലാസ് മുറി | അടുത്ത അദ്ധ്യയന വർഷം | പി.റ്റി.എ | മാനേജ്മെൻറ്, സ്പോൺസർഷിപ്പ് ,പൂർവ്വവിദ്യാർത്ഥി സംഘടന |
| ശിശു സൗഹൃദാന്തരീക്ഷം | പ്രീ-പ്രൈമറിക്കായ് കിഡ്സ് പാർക്ക് | അടുത്ത അദ്ധ്യയന വർഷം | പി.റ്റി.എ | എം.ൽ.എ ഫണ്ട് |
| ഭൗതിക സൗകര്യ വികസനം | ആധുനികസൗകര്യങ്ങളോടെ പാചകപ്പുരയും ഡൈനിങ്ങ് ഹാളും | അടുത്ത അദ്ധ്യയന വർഷം | പി.റ്റി.എ | ഗവൺമെൻറ് |
| ഐ.സി.റ്റി പ്രയോജനപ്പെടുത്തൽ | കമ്പ്യൂട്ടർ സൗകര്യമൊരുക്കൽ | അടുത്ത അദ്ധ്യയന വർഷം | IT@School | വിദ്യാഭ്യാസ വകുപ്പ് |
| കാമ്പസ് ഒരു പാഠപുസ്തകം | ജൈവവൈവിധ്യ ഉദ്യാനം തയ്യാറാക്കൽ | അടുത്ത അദ്ധ്യയന വർഷം | പി.റ്റി.എ | എസ്.എസ്.എ |
| യാത്രാ സൗകര്യം മെച്ചപ്പെടുത്തൽ | വാഹന സൗകര്യം | ജൂൺ | പി.റ്റി.എ | സ്പോൺസർഷിപ്പ് |
| പഠന പിന്തുണ | ലാബ് ,ലൈബ്രറി നവീകരണം | അടുത്ത അദ്ധ്യയന വർഷം | പി.റ്റി.എ | എസ്.എസ്.എ |
| സുരക്ഷിതത്വം | ചുറ്റുമതിൽ ആകർഷക | അടുത്ത അദ്ധ്യയന | പി.റ്റി.എ | മാനേജ്മെൻറ് |

| | | | | |
|---|---|---|---|---|
| ക്ലീൻ കാമ്പസ് | മാക്കൽ<br>ഡ്രെയിനേജ് | വർഷം<br>അടുത്ത അദ്ധ്യയന വർഷം | പി.റ്റി.എ | മാനേജ്മെൻറ് |
| സൗന്ദര്യവത്ക്കരണം | മരങ്ങൾക്കുച്ചുറ്റും തറകെട്ടൽ ,പൂന്തോട്ടനിർമ്മാണം,ടയർ ഗാർഡൻ | അടുത്ത അദ്ധ്യയന വർഷം | പി.റ്റി.എ | മാനേജ്മെൻറ് |

## മേഖല- സമൂഹ ബന്ധ ആസൂത്രണം

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|
| വിദ്യാഭ്യാസ സർവ്വേ | മാർച്ച്,ഏപ്രിൽ | എം.പി.റ്റി.എ | |
| വിദ്യാലയ വികസന സ്ഥിതി രൂപീകരിക്കൽ | മാർച്ച് | പി.റ്റി.എ | |
| പി. റ്റി.എ/എസ്.എം.സി രൂപീകരണം | ജൂൺ | | |
| പ്രതിമാസ മീറ്റിംഗ് | എല്ലാ മാസവും | പി.റ്റി.എ | |
| ദിനാചരണങ്ങൾ | | എസ്.ആർ.ജി | |
| ആഘോഷങ്ങൾ | ഓണം,ക്രിസ്മസ്സ് | പി.റ്റി.എ | |
| പൂർവ്വ വിദ്യാർത്ഥി സംഗമം | ഏപ്രിൽ | | |
| മാസചന്ത | എല്ലാ മാസവും | എസ് .ആർ.ജി,പി.റ്റി.എ | |
| സ്കൂൾ വാർഷികം | മാർച്ച് | എസ് .ആർ.ജി,പി.റ്റി.എ | |
| കോർണർ പി.ടി.എ കൾ | എല്ലാ ടേമിലും | എസ് .ആർ.ജി,പി.റ്റി.എ | |
| ക്ലാസ് പി.ടി.എ കൾ | എല്ലാ മാസവും | എസ്.ആർ.ജി,പി.റ്റി.എ | |
| രക്ഷാകർതൃബോധവത്കരണം | എല്ലാ ടേമിലും | എസ്.എസ്.എ | |

# ഭിന്നശേഷിക്കാർക്കുള്ള പരിഗണന

**ലക്ഷ്യം**

ഭിന്നശേഷിക്കാരെ വിദ്യാഭ്യാസ മേഖലയുടെ പൊതുവിദ്യാഭ്യാസ മേഖലയുടെ പൊതുധാരയിലേക്ക് കൊണ്ടുവരണം. അവരുടെ കഴിവുകളെ വളർത്തിയെടുക്കുന്നതിന് അവരിൽ കുട്ടിക്കാലം മുതൽ ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിനും ഭാവി സുന്ദരമാക്കുവാനും സഹായിക്കും.

1. ഭിന്നശേഷിക്കാർക്കാവശ്യമായ പ്രത്യേക പരിശീലന മുറികൾ.
2. എൽ.പി തലത്തിൽ പ്ലേ വേ മെതേഡ് പ്രയോജനപ്പെടുത്തുന്നു.
3. Audio visual Programmes.
4. പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നു.
5. തൊഴിൽ പരിശീലനം (ബുക്ക് ബയന്റിങ്ങ് , പേപ്പർ ബാഗ് നിർമ്മാണം തുടങ്ങിയവ)
6. നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പരിശീലനം.

നേട്ടങ്ങൾ

മാതൃഭൂമി സീഡ് ഹരിത വിദ്യാലയം കുട്ടനാട് വിദ്യാഭ്യാസ ജില്ല ഒന്നാം സ്ഥാനം



തലവടി ഉപജില്ല പ്രീ പ്രൈമറി കലോത്സവത്തിൽ മികച്ച വിജയം



ഉപജില്ലാ കായികമേളയിൽ രണ്ടാം സ്ഥാനം




ഡി സി എൽ ഐ ക്യൂ സ്കോളർഷിപ്പ് ക്യാഷ് അവാർഡുകൾ




L.s.s. സ്കോളർഷിപ്പ് ശാസ്ത്ര- സാമൂഹ്യശാസ്ത്ര- ഗണിതശാസ്ത്ര പ്രവർത്തിപരിചയമേളകളിലും കലോത്സവത്തിലും മികവാർന്ന വിജയം




മികച്ച പി ടി എ എടത്വാ പഞ്ചായത്ത് തലത്തിൽ ഹരിത വിദ്യാലയം



LSS പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ച കുട്ടികൾ
2024-25



## ഉപസംഹാരം

എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമായി വിദ്യാലയത്തെ മാറ്റിയെടുക്കുന്നതിനും പൊതുസമൂഹത്തിൽ മതിപ്പുളവാക്കുന്നതിനും ഉതകുന്ന നിരവധി പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടപ്പിലാക്കി വരുന്നു. മാനേജ്മെന്റും,അധ്യാപകരും,രക്ഷിതാക്കളും കുട്ടികളും ഒത്തുചേർന്ന് മുൻവർഷങ്ങളിൽ ആരംഭിച്ച പല പദ്ധതികളും സാമൂഹ്യപങ്കാളിത്തത്തോടെ വരും വർഷങ്ങളിൽ പൂർത്തിയാക്കപ്പെടുന്ന ന്യൂനതങ്ങളായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിന് ബി ആർ സി തലത്തിൽ നിന്നും ലഭിക്കുന്ന പരിശീലനങ്ങൾ ,ശില്പശാലകൾ, സെമിനാറുകൾ ഇവ ഏറെ സഹായകമാണ്. ആത്മാർത്ഥതയും, കഠിനാധ്വാനവും കൈമുതലായുള്ള രക്ഷകർത്ത്യ സംഘടനയുടെ സേവനം എടുത്തു പറയേണ്ടതാണ് സ്കൂൾ മാനേജരും തലവടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും ഞങ്ങൾക്കാവശ്യമായ എല്ലാ മാർഗ്ഗനിർദേശങ്ങളും നൽകി ഞങ്ങളുടെ നേട്ടങ്ങളിൽ എന്നും തുണയായുണ്ട് സമയബന്ധിതമായി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനവും എടുത്തു പറയേണ്ടതാണ്.